LIBRARY ARCHIVES Kerala Legislative Assembly

വയനാട്ടിലെ ആദിവാസികൾക്ക് ഭൂമി വിതരണം

189 [1957] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നത് സംബന്ധിച്ച് ആദിവാസി ക്ഷേമസമിതി മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള പ്രോജക്ടുകൾ ഇല്ലാതാക്കി ഭൂമി വിതരണത്തിന് ഏറ്റെടുത്തതുവഴി ആർക്കെങ്കിലും തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടോ: എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) വയനാട്ടിലെ സുഗന്ധഗിരി പ്രോജക്ട് പിരിച്ചുവിട്ട് ഭൂമി ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ആദിവാസി ക്ഷേമസമിതി വൈത്തിരി ഏരിയാ കമ്മിറ്റി വയനാട് ജില്ലാ കളക്ടർ മുഖേന കേരള മുഖ്യമന്ത്രിയ്ക്ക് 18-8-2003-ന് നിവേദനം സമർപ്പിച്ചിരുന്നു. ഇതിലെ പ്രധാന ആവശ്യം 2003 ആഗസ്റ്റ് 31-നകം നിഷ്പക്ഷമായും നറുക്കെടുത്തും ഭൂമി വിതരണം പൂർത്തിയാക്കാനും തുടർന്നുള്ള ആനുകൂല്യങ്ങൾ നല്കാനുമാണ്. 2003 ആഗസ്റ്റ് 26-ന് ഭൂമി വിതരണത്തിന് തീയതി നിശ്ചയിച്ചിരുന്നുവെങ്കിലും നറുക്കെടുപ്പ് സംബന്ധിച്ച് തർക്കങ്ങൾ മൂലം അന്നേ ദിവസം മൂന്ന് കുടുംബങ്ങൾക്ക് മാത്രമേ ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞുള്ളൂ. ഭൂസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ കോടതിയെ സമീപിച്ചിരുന്നതിനാൽ കോടതി ഉത്തരവുപ്രകാരം യൂണിറ്റ് അടിസ്ഥാനത്തിൽ അർഹതയുള്ളവരുടെ നറുക്കെടുപ്പ് പൂർത്തിയായി.

(ബി) ഉണ്ട്. പ്രോജക്ടുകളിലെ ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ആയതിന് ജീവനക്കാർക്ക് റിട്രഞ്ചുമെന്റ് സ്കീമും, തൊഴിലാളികൾക്ക് അർഹമായ അവകാശങ്ങളും നല്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 40/04/പജപവവിവ തീയതി 15-6-2004 പ്രകാരം പുക്കോട് പ്രോജക്ടിലെ ജീവനക്കാർക്ക് റിട്രഞ്ചുമെന്റ് സ്കീം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പുക്കോട് ഡയറി ഫാമിൽ ഭൂമി ലഭിക്കുന്ന തൊഴിലാളികൾക്ക് റിട്രഞ്ചുമെന്റ് സ്കീം ഒഴികെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാണ്. സുഗന്ധഗിരി കാർഡമം പ്രോജക്ടിൽ തൊഴിൽ നഷ്ടപ്പെടുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ വ്യവസ്ഥപ്രകാരം നടപടിയെടുത്തു വരുന്നു.

പട്ടിണിയും ദാരിദ്ര്യവും മൂലം ദുരിതത്തിലായ വയനാട്ടിലെ ആദിവാസികൾ

190 [1958] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആദിവാസികൾ പട്ടിണിയും ദാരിദ്ര്യവും കാരണം ദുരിതമനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സുഗന്ധഗിരി കാട്ടുനായ്ക്ക കോളനിയിലെ അച്ചുതൻ, കല്യാണി എന്നീ ആദിവാസികൾ മരണപ്പെട്ടത് പട്ടിണിയെത്തുടർന്നാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലാമെഡിക്കൽ ഓഫീസർ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിനെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ജില്ലയിലെ ആദിവാസികൾക്ക് സൗജന്യറേഷൻ ഇപ്പോൾ നൽകുന്നുണ്ടോ;

(ജി) ആദിവാസികൾക്ക് പോഷകാഹാരങ്ങൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എച്ച്) ആദിവാസികൾക്ക് തൊഴിൽ നൽകുന്നതിനായി ആരംഭിച്ച ഏതൊക്കെ പ്രോജക്ടുകൾ ഇതിനകം നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഐ) ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ട ആദിവാസികളുടെ എണ്ണം എത്രയാണ്;

(ജെ) തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാർ പട്ടിണിയും ദാരിദ്ര്യവുംമൂലം ദുരിതമനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജില്ലയിൽ ആദിവാസികളിൽ ബഹുഭൂരിപക്ഷവും നാമമാത്ര കർഷകരോ കർഷകത്തൊഴിലാളികളോ ആണ്. കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവുമൂലം തൊഴിൽ ലഭ്യത കുറവായതിനാൽ ചില വിഭാഗക്കാർ പ്രത്യേകിച്ച് അടിയ, പണിയ കാട്ടുനായ്ക്കർ ദുരിതങ്ങൾ അനുഭവിച്ചുവരുകയാണ്. പോഷകാഹാര കുറവുമൂലമുള്ള രോഗങ്ങളുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോളനികളിൽ പട്ടിണിമരണം സംഭവിക്കാനുള്ള യാതൊരു സാഹചര്യവും നിലവിലില്ല. കഴിഞ്ഞ രണ്ടുമാസമായി സൗജന്യറേഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ബി) സുഗന്ധഗിരി, കല്ലൂർകാട്ടുനായ്ക്ക കോളനിയിലെ അച്ചുതൻ തളർവാതംമൂലം 10-6-2004-ൽ അന്തരിച്ചു. ടിയാൻ ദീർഘകാലം ശയ്യാവലംബിയായിരുന്നു. ഈ കോളനിയിലെ തന്നെ കല്യാണി മരിച്ചത് ക്യാൻസർ രോഗബാധമൂലമാണ്. ടിയാൾ കഴിഞ്ഞ നാലു വർഷമായി രോഗബാധിത ആയിരുന്നു. ശ്രീമതി കല്യാണി മരിച്ചത് രണ്ടുമാസം മുമ്പാണ്. മുൻപറഞ്ഞ രണ്ടുപേരും കാട്ടുനായ്ക്കർ വിഭാഗത്തിലുള്ളവരാണ്. ഇവർ പൊതുവെ ആധുനിക ചികിൽസ സ്വീകരിക്കുന്നതിന് വിമുഖരായിരുന്നു.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. വിശദാംശം 'ബി' യിൽ നല്കിയിട്ടുണ്ട്.

(ഇ) ജില്ലയിലെ പട്ടികവർഗ്ഗക്കാർക്ക് 1-4-2004 മുതൽ 2 മാസം സൗജന്യറേഷൻ നൽകിയിരുന്നു. തുടർന്ന് ഓണം വരെ സൗജന്യറേഷൻ നൽകുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ് ആന്റ് ജി) സൗജന്യറേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഫുഡ്സപ്പോർട്ട് പ്രോഗ്രാം പ്രകാരം അരിയും പെരുപയറും നല്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) ആദിവാസികൾക്ക് തൊഴിൽ നല്കുന്നതിന് ചുവടെ പറഞ്ഞ പ്രോജക്ടുകളാണ് രൂപീകരിച്ചിരുന്നത്.

1. ചിങ്ങേരി എക്സ്റ്റൻഷൻ സ്കീം
2. സുഗന്ധഗിരി കാർഡമം
3. പുക്കോട് ഡയറി
4. പ്രിയദർശിനി തേയിലത്തോട്ടം. ഇവയിൽ രണ്ടും മൂന്നും പ്രോജക്ടുകൾ പിരിച്ചുവിട്ടിട്ടുണ്ട്.

(ഐ) സുഗന്ധഗിരിയിൽ 372 പേരും പുക്കോടിൽ 42 പേരും.

(ജെ) ഭൂവിതരണ പദ്ധതിയുടെ ഭാഗമായി സുഗന്ധഗിരിയിൽ 305 പേർക്കും പുക്കോടിൽ 33 പേർക്കും അർഹരായവർക്ക് ഭൂമി വിതരണംചെയ്തിട്ടുണ്ട്. ഇവരെ തൊഴിൽ, പാർപ്പിടം എന്നിവ നല്കി പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

13-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1806-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly